## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5696 | 18.11.2019-ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|
| വിഷാദ രോഗബാധിതർക്ക് പെൻഷൻ | |
| ചോദ്യം | ഉത്തരം |
| ശ്രീ.ഷാഫി പറമ്പിൽ | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി |
| ബൈപോളാർ ഡിസോർഡറിന്റെ ഭാഗമായുള്ള വിഷാദ രോഗബാധിതർക്ക് പെൻഷൻ നൽകുന്നതിനോടൊപ്പം റിക്കറന്റ് ഡിപ്രസീവ് ഡിസോർഡർ വിഭാഗത്തിലുള്ള വിഷാദ രോഗികൾക്കുകൂടി പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സാമൂഹ്യ സുരക്ഷാ പെൻഷനിൽ ഉൾപ്പെട്ട ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ അനുവദിക്കുന്നത് വൈകല്യത്തിന്റെ തോതനുസരിച്ചാണ്. ഏത് അസുഖമാണെന്നത് പെൻഷൻ അനുവദിക്കുന്നതിന് തടസ്സമല്ല. 06/09/1982 ലെ ജി.ഒ.(പി) നമ്പർ 154/82/LA&SWD ഉത്തരവ് പ്രകാരം നിർണ്ണയിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന ശാരീരിക വൈകല്യങ്ങളുള്ളവർക്ക് വികലാംഗ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്.<br>1. അസ്ഥി സംബന്ധമായ വികലാംഗത്വം ഉള്ളവർക്ക് 40 ശതമാനമോ അതിന് മുകളിലോ വിലാംഗത്വം ഉണ്ടായിരിക്കണം.<br>2. അന്ധത നിർണ്ണയിക്കുന്നത് കാഴ്ചശക്തിയും കാഴ്ച മണ്ഡലവും പരിഗണിച്ചാണ്. പൂർണ്ണ അന്ധതയുള്ള വ്യക്തികളും തിരുത്തൽ ലെൻസുകൾ ഉപയോഗിച്ചാലും കാഴ്ചശക്തി 6/60 അല്ലെങ്കിൽ 20/200 സ്നെല്ലണിൽ കവിയാത്തവരും കാഴ്ചമണ്ഡലത്തിന്റെ പരിധി 20 ഡിഗ്രിയോ അതിൽ കുറവോ കോണിന് കീഴിലുള്ള വ്യക്തികൾക്കും പെൻഷന് അർഹതയുണ്ട്.<br>3. 90 ഡെസിബലിൽ കൂടുതൽ കേൾവിശക്തിക്ക് നഷ്ടം സംഭവിച്ചവർ.<br>4. സ്ഥിരമായി മാനസികവൈകല്യമുള്ള, ഐ.ക്യു (intelligence Quotient) 50 ൽ താഴെയുള്ളവർ. |

സെക്ഷൻ ഓഫീസർ